# ജാതിവിരുദ്ധസമീപനം ഗുണ്ടർട്ടിന്റെ കൃതികളിൽ

സിംപ്ൾ എ.ഇസെഡ്.
ഗവേഷക, ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ

**സംഗ്രഹം**

ക്രിസ്തുമത പ്രചാരണത്തോടൊപ്പം സാമൂഹിക പരിവർത്തനവും ഹെർമ്മൻ ഗുണ്ടർട്ടിന്റെ കൃതികളുടെ മുഖ്യലക്ഷ്യമായിരുന്നു. അദ്ദേഹത്തിന്റെ പഴഞ്ചൊൽ മാല, നളചരിത സാരശോധന, വജ്രസൂചി എന്നീ കൃതികൾ മുൻ നിർത്തി ഗുണ്ടർട്ടിന്റെ ജാതിവിരുദ്ധദർശനങ്ങളെയും മനുഷ്യത്വപരമായ സമീപനങ്ങളെയും പഠനവിധേയമാക്കുന്നതാണ് പ്രബന്ധം. മതദൂഷണസാഹിത്യമായി മാറ്റി നിർത്തപ്പെടുന്ന ഗുണ്ടർട്ടിന്റെ കൃതികൾ മതപ്രചാരണം നടത്തുന്നതോടൊപ്പം ഒരു ജനതയെ മുഴുവൻ അടിമത്തത്തിലേക്ക് തള്ളിവിടുന്ന ഇന്ത്യൻ ജാതിവ്യവസ്ഥയോട് കലഹിക്കുന്നു.

**താക്കോൽ വാക്കുകൾ:** ജാതിവിരുദ്ധത, അസ്പൃശ്യത, ദ്വന്ദ്വാത്മകത, മതദൂഷണസാഹിത്യം

നൂറ്റാണ്ടുകളായി നിലനിന്നുപോന്ന ജാതിവ്യവസ്ഥയും അത് സൃഷ്ടിച്ചെടുത്ത ഒരു വിഭാഗം ജനതയുടെ അടിമത്ത ജീവിതവും കേരളീയഭൂതകാലത്തിന്റെ നേർക്കാഴ്ചയായിരുന്നു. ജാതിയുടെ പേരിൽ മനുഷ്യർ അനുഭവിക്കേണ്ടി വന്ന അടിമത്തതുല്യമായ അവസ്ഥയെക്കുറിച്ച് ഏകദേശധാരണ ലഭിക്കുന്നത് പലപ്പോഴും മിഷണറി കൃതികളിൽ നിന്നാണ്.

പശ്ചിമയൂറോപ്പിൽ നിന്ന് മിഷണറിമാർ കേരളത്തിലെത്തുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലാണ്. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും അസ്പൃശ്യതയുമെല്ലാം ഏറ്റവും ക്രൂരമായ വിധത്തിൽ ഓരോ വ്യക്തിയെയും

പീഡിപ്പിച്ചിരുന്ന കാലഘട്ടമായിരുന്നു അത്. ജാതിയുടെ പേരിലുള്ള ചൂഷണം ഏറ്റവുമധികം അനുഭവിച്ചു പോന്നത് ചാതുർവർണ്യ വ്യവസ്ഥയുടെ പുറത്തുള്ള സാധാരണക്കാരായ ജനങ്ങളാണ്. സവർണമേധാവിത്വത്തിനു കീഴിൽ അടിമകളെപ്പോലെ അല്ലെങ്കിൽ അതിലും നികൃഷ്ടമായി അവർ കഴിഞ്ഞു പോന്നു.

കച്ചവടത്തിനും മറ്റുമായി ഇവിടെ വന്ന വിദേശികൾ തങ്ങളുടെ സ്വാർത്ഥലാഭത്തിനായി സവർണമേധാവിത്തത്തെ അംഗീകരിക്കുകയും അവരെ നീരസപ്പെടുത്താത്തവിധം പ്രവർത്തിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ഭരണയന്ത്രം വിദേശീയരുടെ കൈകളിലേക്കു വീണപ്പോഴും സാധാരണക്കാരുടെ പീഡനങ്ങൾക്ക് യാതൊരു വ്യത്യാസവും വന്നില്ല.

ഈ ഒരു സാഹചര്യത്തിലാണ് ഹെർമ്മൻ ഗുണ്ടർട്ടിനെ ബാസൽമിഷൻ കേരളത്തിലെ സുവിശേഷവേലയ്ക്കായി നിയോഗിക്കുന്നത്.ബ്രിട്ടീഷ്ഭരണത്തിന്റെ ആരംഭകാലത്ത് ബ്രൌൺ എന്ന ഇംഗ്ലീഷുകാരന് അഞ്ചരക്കണ്ടി എന്ന സ്ഥലത്ത് ഒരു കറുപ്പതോട്ടം ഉണ്ടായിരുന്നു. ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളെ ക്രിസ്തുമതത്തിൽ ചേർക്കാൻ ഗുണ്ടർട്ടിനെ ക്ഷണിക്കുന്നുണ്ട്. തീർത്തും അടിമത്തതുല്യമായ അവസ്ഥയായിരുന്നു അഞ്ചരക്കണ്ടിയിലെ തൊഴിലാളികളുടേത്. കറുപ്പ തോട്ടത്തിൽ പണിയെടുക്കുന്നതിനായി തൊഴിലാളികളെ നിലമ്പൂരിൽ നിന്നു വാങ്ങിയതായി രേഖകളുണ്ട്.ഇവരിൽ മിക്കവരും സമൂഹത്തിൽ താഴേക്കിടയിൽ ജീവിക്കുന്ന പുലയ ജാതിയിൽപ്പെട്ടവരായിരുന്നു. വിലകൊടുത്തു വാങ്ങിയതു കൂടാതെ ഇവിടെ പണിയെടുക്കുന്നതിനായി പുലയരെയും കുട്ടികളെയും വ്യാപകമായി തട്ടിക്കൊണ്ടു വന്നിരുന്നതായും പറയുന്നു (James pegg,slavery in India, 1828) അന്നത്തെ ജില്ലാമജിസ്ട്രേട്ട് ആയിരുന്ന ബാബറിന്റെ ഇടപെടലിലൂടെ കുറെ കുട്ടികളെയും പുലയരെയും വേട്ടുവരെയും മോചിപ്പിക്കുകയുണ്ടായി. കേരളത്തിലെ അടിമത്തവ്യവസ്ഥിതിയിൽ അഞ്ചരക്കണ്ടിയിലെ തോട്ടത്തിനുണ്ടായിരുന്ന വലിയ പങ്ക് ഇതിൽ നിന്ന് വ്യക്തമാകുന്നു.കണ്ണൂരിൽ നിന്ന് ആറേഴ മണിക്കൂർ കുതിരപ്പുറത്ത് യാത്ര ചെയ്ത് അഞ്ചരക്കണ്ടിയിലെത്തിയ ഗുണ്ടർട്ടിന് തോട്ടത്തിലെ തൊഴിലാളികളുടെ അവസ്ഥ കണ്ട് അസഹനീയമായി തോന്നി.അവരെപ്പറ്റി ഗുണ്ടർട്ട് ഇങ്ങനെ എഴുതുന്നുണ്ട്:

> "ഇവർ ഏറ്റവും നീചമായ ജാതിയിൽപ്പെട്ടവരാണ്. ഇവരെ നാല്പത് അടി ദൂരത്തു മാത്രമേ ഒരു ഹിന്ദുവിനു കാണുവാൻ പാടുള്ളൂ. അവരെ പല വിധത്തിലും ദ്രോഹിക്കുന്നു.നടക്കാൻ ആരംഭിക്കുന്ന കുട്ടി മുതൽ വൃദ്ധന്മാർ വരെ ഓരോരുത്തർക്കും ഓരോ ജോലികൾ ചെയ്യാനുണ്ടായിരുന്നു (മലയാളവും ഹെർമൻ ഗുണ്ടർട്ടും, 2016: 1086).

തീർത്തും അവശരായ ഇവരോട് സുവിശേഷം പ്രസംഗിക്കുന്നതിൽ അർത്ഥമില്ലെന്ന് തിരിച്ചറിഞ്ഞ ഗുണ്ടർട്ട് അവിടെ പ്രാർത്ഥന നടത്താൻ വിസ്സമ്മതിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്ന മനുഷ്യസ്നേഹം അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. മലബാറിലെ ജീവിതം നേരിട്ട് കണ്ടതിനു ശേഷമാണ് ഗുണ്ടർട്ടും കുടുംബവും മലബാറിൽ വരാൻ ആഗ്രഹം പ്രകടിപ്പിക്കുന്നത്. സാധാരണ ജനങ്ങളുടെ ദുസ്ഥിതിക്ക് തന്നാലാവും വിധം അറുതി വരുത്താൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ക്രിസ്തുമത പ്രചാരണത്തോടൊപ്പം സാമൂഹികപരിവർത്തനവും അദ്ദേഹം ലക്ഷ്യംവെച്ചിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികൾ വ്യക്തമാക്കുന്നു. ഗുണ്ടർട്ടിന്റെ ഭാഷാപരമായ കൃതികൾ വളരെയേറെ പഠനങ്ങൾക്ക് വിധേയമായിട്ടുണ്ട്. എന്നാൽ ഗുണ്ടർട്ട് രചിച്ച പഴഞ്ചൊൽ മാല, നളചരിതസാരശോധന, വജ്രസൂചി തുടങ്ങിയ കൃതികൾ മതദൂഷണസാഹിത്യമെന്നു പറഞ്ഞു പലപ്പോഴും മാറ്റിനിർത്തുകയാണ് പതിവ്. മതപ്രചരണാർത്ഥം രചിച്ച ഈ കൃതികളുടെ സൂക്ഷ്മവായന ഗുണ്ടർട്ടിന്റെ ജാതിവിരുദ്ധദർശനങ്ങളെയും മനുഷ്യത്വപരമായ സമീപനങ്ങളെയും വെളിവാക്കുന്നതാണ്. സുവിശേഷവൽക്കരണം കേവലമുള്ള മതപരിവർത്തനമായി ഗുണ്ടർട്ട് കണ്ടിരുന്നില്ല. സാമൂഹികമായി നിലനില്ക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അസ്പൃശ്യതയും അടിമത്തവുമെല്ലാം ഇല്ലാതാകുന്ന അവസ്ഥയിൽ മാത്രമേ ക്രിസ്തുവിന്റെ സുവിശേഷം സമൂഹത്തിൽ വേരോടൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു.അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കൃതികൾ സൂക്ഷ്മമായി ജാതി അടിമത്തവ്യവസ്ഥയെയും അതിന്റെ പേരിലുള്ള അനാചാരങ്ങളെയും വിമർശിക്കുന്നു.

## നളചരിതസാരശോധന

ഗുണ്ടർട്ടിന് സാഹിത്യകൃതികളോടുണ്ടായിരുന്ന താല്പര്യം വ്യക്തമാക്കുന്നതാണ് നളചരിതസാരശോധന എന്ന കൃതി. ക്രിസ്തുമതപ്രചാരണത്തിനായി നളകഥയെ ഉപജീവിക്കുകയാണ് ഇവിടെ ഗുണ്ടർട്ട് ചെയ്യുന്നത്.ഗുരു-നായർ സംവാദ രൂപത്തിലാണ് നളചരിതസാരശോധനയുടെ ആഖ്യാനം നളചരിതത്തിന്റെ സാഹിത്യമേന്മയെ അംഗീകരിക്കുന്ന ഗുരു അതിന്റെ സാരാംശം തേടിപ്പോകാതെ കഥയെ പ്രത്യക്ഷാർത്ഥത്തിൽ സ്വീകരിക്കുകയും അതിൽ വിവരിക്കുന്ന കാര്യങ്ങളെ വിമർശിക്കുകയും ചെയ്യുന്നു. ആദ്യം ഗുരുവിന്റെ വാക്കുകളെ ചോദ്യം ചെയ്യുന്ന നായർ പിന്നീട് ഗുരു പറയുന്ന ക്രിസ്തുമതത്തിനോട് ചായ്‌വ് കാണിക്കുന്നു.

പ്രത്യക്ഷത്തിൽ മതപ്രചാരണദൗത്യം മാത്രമാണ് നളചരിതസാര ശോധന മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ സൂക്ഷ്മമായി നിരീക്ഷിച്ചാൽ ജാതിയുടെ പേരിലുള്ള അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും അസ്പൃശ്യതയെ യുമെല്ലാം ഈ കൃതി പരോക്ഷമായി വിമർശിക്കുന്നുണ്ട്.ഒരു ഉദാഹരണം നോക്കാം.

> "ഗുരു:... നളന്റെ പാപത്തെ ഗ്രഹിച്ചുവൊ?
>
> നായർ: അതു പാപം എന്നു പറയാൻ ഉണ്ടൊ?
>
> ഗുരു: "ശൌചവും കഴിച്ചാശു" "പാദ ക്ഷാളനം ചെയ്തു" അന്നേരം പാദ ത്തിന്റെ പിമ്പുറം പുറവി നന്നായി നനഞ്ഞീലെന്നറിഞ്ഞു മഹാശഠൻ മായയാ നളന്തന്റെ കാലിണ ചേർന്നു കൂടി കായത്തെ പ്രവേശിച്ചു വസിച്ചാൻ എന്നെ വേണ്ടു. ഭൂപതിക്കതു നേരം ബുദ്ധിയും പകർന്നിത് രൂപവും മലിനമായി ചെന്നുടൻ അകമ്പുക്കു അത്രെ ഉള്ളു. (3 പാദം)
>
> നായർ: കാൽ നനയാത്തതു കൊണ്ടത്രെ. ആ വൈഷമ്യം എല്ലാം പി ണഞ്ഞതു എന്നു എനിക്കു ബോധിക്കുന്നില്ല.
>
> ഗുരു: ഈ വക ഒന്നിനാലും പാപം വരാതു. സത്യം, അരുത് എന്നു ദൈവം കല്പിച്ചതിൽ മനസ്സുവെക്കുകയാൽ അല്ലാതെ ഒന്നു തൊട്ടതി നാലും തൊടാത്തതിനാലും പാപം ഉണ്ടാകയില്ല." (1992: 98)

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനില്ക്കുന്ന സമൂഹത്തിൽ അവ അനാ വശ്യവും അന്ധവിശ്വാസവുമാണെന്ന് പരോക്ഷമായി സൂചിപ്പിക്കുകയാണ് ഗുരുവിന്റെ ഈ വാക്കുകൾ.

മനുഷ്യരെല്ലാവരും ഒരു ദൈവത്തിന്റെ പുത്രരാണെന്ന് നളചരിതസാര ത്തിൽ പറയുന്നുണ്ട്. ജാതിവ്യത്യാസം നിരർത്ഥകമാണെന്നു പ്രത്യക്ഷത്തിൽ അല്ലെങ്കിലും ഇത്തരം ദർശനങ്ങൾ അവതരിപ്പിക്കുക വഴി പരോക്ഷമായി സമർത്ഥിക്കുകയാണ് ചെയ്യുന്നത്.

> "ഗുരു: ഞാൻ പറഞ്ഞുവല്ലൊ, അവൻ പിതാവായിരിക്കുന്നു. കുട്ടികൾ വന്നു അപേക്ഷിച്ചാൽ ആരെയും പുറത്താക്കുകയില്ല. ആരെങ്കിലും തന്നൊടു പ്രാർത്ഥിക്കും തോറും ചെവിക്കൊള്ളുന്നു. ദൈവം സ്നേഹ മാകുന്നു;തന്റെ സൃഷ്ടികളെ തന്നെ പോലെ തന്നെ സ്നേഹിക്കുന്നു. അതുകൊണ്ടു നമ്മൊടു കല്പിച്ച മുഖ്യധർമവും സ്നേഹം എന്നതു തന്നെ യാകുന്നു." (1992: 110,)

ദൈവത്തിന്റെ മുന്നിൽ സൃഷ്ടികളെല്ലാം തുല്യരാണെന്ന സങ്കല്പം ഈ സംഭാഷണം മുന്നോട്ടു വെക്കുന്നുണ്ട്. ദൈവം നമ്മെ സ്നേഹിക്കുന്നതു പോലെ

നമ്മളും പരസ്പരം സ്നേഹിക്കേണ്ടവരാകുന്നു എന്ന് ഗുരു ഓർമ്മിപ്പിക്കുന്നു. ബൈബിളിലെ ആശയങ്ങളാണ് ഗുരുവിന്റെ വാക്കുകളിൽ തെളിയുന്നത്. വലിപ്പചെറുപ്പങ്ങൾ നിർണയിച്ച് പരസ്പരം അകറ്റി നിർത്തേണ്ടതിന്റെ, അകല ത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്ന സമൂഹത്തിൽ എല്ലാവരെയും ഒരു പോലെ സ്നേഹിക്കുക എന്ന തത്ത്വം പുതിയതും അസംബന്ധവുമായിരുന്നു. ഉപദേശ രൂപേണ നേരിട്ടു പറഞ്ഞാൽ ഒരിക്കലും വില പോകാത്ത ഈ തത്ത്വത്തെ നളകഥയെ ഉപജീവിച്ച് യുക്തിയുടെ ഭാഷയിൽ അവതരിപ്പിക്കുകയായിരുന്നു ഗുണ്ടർട്ട്.

നളകഥയുടെ സാഹിത്യമൂല്യത്തെയും സംവേദനക്ഷമതയെയും ഗുണ്ടർട്ട് തിരിച്ചറിഞ്ഞിരുന്നു. സാമൂഹിക പരിവർത്തനത്തിനും മതപരിവർത്തനത്തിനും നളകഥയുടെ സാധ്യതയെ ഗുണ്ടർട്ട് പരമാവധി ഉപയോഗിച്ചു.

### പഴഞ്ചൊൽ മാല

കേരളസംസ്കാരത്തോടും അറിവുകളോടും ഗുണ്ടർട്ടിനുണ്ടായിരുന്ന താല്പര്യം പ്രകടമാകുന്ന കൃതിയാണ് 'പഴഞ്ചൊൽ മാല'. "കേരളത്തിലെത്തിയ മറ്റൊരു മിഷണറിക്കും സംസ്കാരത്തിന്റെ ജനകീയ ധാരകളെക്കുറിച്ച് ഇത്രത്തോളം ശാസ്ത്രീയമായ ധാരണ ഉണ്ടായിരുന്നില്ല." ( സ്കറിയ സക്കറിയ, 2016: 697) മതപരമായ ലക്ഷ്യങ്ങൾ ഒഴിവാക്കിക്കൊണ്ട് ഗുണ്ടർട്ട് രചിച്ച പഴഞ്ചൊൽ സമാഹാരങ്ങളുടെ പകർപ്പ് ട്യൂബിങ്ങൻ സർവകലാശാല ലൈബ്രറിയിൽ നിന്ന് ലഭിച്ചതായി ഡോ.സ്കറിയസക്കറിയ രേഖപ്പെടുത്തുന്നു. (2016: 697)

പഴഞ്ചൊല്ലുകളുടെ വ്യാഖ്യാനം സംസ്കാരവുമായി ബന്ധപ്പെടുത്തി നടത്തേണ്ടുന്ന ഒന്നാണ്. കാരണം സംസ്കാരവും മനുഷ്യ ജീവിതാവസ്ഥ യുമായി അത്രമേൽ ബന്ധപ്പെട്ടുകൊണ്ടാണ് ഓരോ പഴഞ്ചൊല്ലുകളും നിലനില്ക്കുന്നത്.

ഗുണ്ടർട്ടിന്റെ 'പഴഞ്ചൊൽ മാല' യഥാർത്ഥത്തിൽ മലയാളത്തിലെ പഴഞ്ചൊല്ലുകളെ ശേഖരിച്ച് കൃത്യമായ വ്യാഖ്യാനം നല്കുന്ന ഒരു ഗ്രന്ഥമല്ല. ക്രിസ്തീയതത്ത്വങ്ങളും ദർശനങ്ങളും മലയാളത്തിൽ നിലവിലുള്ള പഴഞ്ചൊല്ലു കളിൽ കണ്ടെത്തുകയും ചിലതെല്ലാം ആരോപിക്കുകയും ആണ് ഗുണ്ടർട്ട് ഈ ഗ്രന്ഥത്തിൽ ചെയ്യുന്നത്.ഇംഗ്ലീഷിൽ ഗുണ്ടർട്ട് നല്കിയിരിക്കുന്ന ഗ്രന്ഥനാമം ഇത് വ്യക്തമാക്കുന്നുണ്ട്. 'Malayalam proverbs applied to christianity' (ക്രിസ്തീയതയ്ക്കുമേൽ മലയാള പഴമൊഴികളുടെ പ്രയോഗം) എന്നിങ്ങനെയാ ണത്.

പഴഞ്ചൊല്ലുകളുടെ ബോധനാത്മകതയെയും ദ്വന്ദ്വാത്മകതയെയും പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ഗുണ്ടർട്ട് പഴഞ്ചൊല്ലുകളുടെ വ്യാഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്. പഴഞ്ചൊല്ലുകൾ അർത്ഥവത്താക്കുന്നത് അത് പ്രയോഗിക്കുന്ന സന്ദർഭത്തിലാണ്. അതുകൊണ്ടുതന്നെ പഴഞ്ചൊല്ലിന്റെ വ്യാഖ്യാനം അതിന്റെ സന്ദർഭത്തിന്റെ വ്യാഖ്യാനം കൂടിയായിരിക്കും. എന്നാൽ ഗുണ്ടർട്ട് ഇത്തരത്തിലൊരു വ്യാഖ്യാനമല്ല പഴഞ്ചൊല്ലുകൾക്ക് നല്കിയിരിക്കുന്നത്. സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി തീർത്തും വ്യത്യസ്തമായ മറ്റൊരു ഇടത്തിലേക്ക് പ്രതിഷ്ഠിച്ചു കൊണ്ട് ബോധനാത്മകമായി അവയെ വ്യാഖ്യാനിക്കുന്നു. ഗുണ്ടർട്ടിന്റെ ഇത്തരത്തിലുള്ള പഴഞ്ചൊൽവ്യാഖ്യാനത്തെ ബൈബിളിലെ സുഭാഷിതങ്ങളുമായി ബന്ധപ്പെടുത്തി ക്കൊണ്ടാണ് ഡോ.കെ. എം.അനിൽ നിരീക്ഷിക്കുന്നത്. അദ്ദേഹം പറയുന്നു:

> "സംഭാഷണത്തിന്റെ ഇടയിൽ കടന്നു വരുന്ന പ്രസ്താവനകളായല്ല ഗുണ്ടർട്ട് പഴഞ്ചൊല്ലുകളെ കണ്ടത്. പകരം അവയെ ജ്ഞാനിയായ ഒരുവനിൽനിന്ന് അനാദിയായി പുറപ്പെടുന്ന അരുളപ്പാടുകളായി അദ്ദേഹം കരുതി. അവയിൽ നിഗൂഢമായ അർത്ഥങ്ങളുണ്ടെന്നും വ്യാഖ്യാനത്തിലൂടെ മാത്രമേ അവയെ അപഗൂഢവൽക്കരിക്കാനാവൂ എന്നുമുള്ള സങ്കല്പമാണ് പഴഞ്ചൊൽ മാലയിൽ പ്രവർത്തിക്കുന്നത്."
> ( 2016:741)

സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റി പഴഞ്ചൊല്ലിനെ വ്യാഖ്യാനിക്കുന്ന ഗുണ്ടർട്ടിന്റെ രീതിക്കു ചില ഉദാഹരണങ്ങൾ നോക്കാം:

> "ഏതു പണി ചെയ്താലും ദൈവ സമ്മതം എന്നറിഞ്ഞാൽ മനുഷ്യരുടെ
> സഹായം കൂടാതെ നിവൃത്തിപ്പാൻ നോക്കണം.
> തനിക്കു താനും പുരക്കു തൂണും
> തന്മേൽ കാചാതു മുരട്ടിൽ വീഴും
> തന്റെ കയ്യെ തലക്കു വെച്ചൂടും" (1992:41)

> "അർത്ഥം കുറഞ്ഞവർക്കു സൌഖ്യവും നിർഭയത്വവും ഏറി കാണുന്നു.
> എടൈക്കും മൊഴെക്കും ചുങ്കം ഇല്ല
> പുരയില്ലാത്തവനുണ്ടൊതിപ്പെടി
> വെവുന്ന പുരെക്കെ ഊരുന്ന കഴക്കൊൽ ആദായം
> തൊണി മറിഞ്ഞാൽ പുറം നല്ലൂ" (1992:45 )

ഇത്തരത്തിൽ സന്ദർഭം കൊണ്ട് പരസ്പരം ബന്ധമില്ലെങ്കിലും അവയെ കൂട്ടിയിണക്കി തനിക്ക് പറയാനുള്ള വസ്തുതകൾ അവതരിപ്പിക്കുകയാണ് പഴഞ്ചൊൽമാലയിൽ ഗുണ്ടർട്ട് ചെയ്യുന്നത്. പഴഞ്ചൊല്ലിന്റെ ദ്വന്ദ്വാത്മക

സ്വഭാവം ഇവിടെ പരമാവധി ഉപയോഗപ്പെടുത്തുന്നു.
ജാതിയെ വിമർശിക്കുന്ന ചൊല്ലുകളും പഴഞ്ചൊൽമാലയിൽനിന്ന് കണ്ടെടുക്കാം.

> “ശങ്കരാചാര്യർ മുതലായ വമ്പന്മാർ വെച്ച വെപ്പുകളിൻ നിമിത്തം മലയാളത്തിലും ഭാരതഖണ്ഡത്തിൽ ഒക്കെയും ഐക്യം ഇല്ലാതെ പൊയി. പെടിയും എത്രയും ഏറെ വന്നിരിക്കുന്നു; തീണ്ടിക്കുളിക്കാരെ ഭയപ്പെടുന്നു. കണ്ണെറുപ്രാക്കൽ കുരള തുടങ്ങിയുള്ളതിന്നു എത്ര പെടി. ജീവനുള്ള ദൈവത്തെ വിശ്വസിച്ചു സെവിക്കിലെ ഭയം നീങ്ങും. എന്നാൽ ഭൂദെവന്മാരും കൈക്കൊട്ടും മറ്റും എടുത്തു വിയർത്തു ഉണ്മാൻ സംഗതി വരും. നിങ്ങൾ അവരെ വെല ചെയ്യാൻ നിർബന്ധിക്കാതെ വെറുതെ തീറ്റുന്നത എന്തു.
>
> കെരളം ബ്രാഹ്മണർക്ക സ്വർഗ്ഗം ശെഷം ജാതികൾക്ക നരകം.
>
> ഊട്ടുകെട്ട പട്ടർ ആട്ടുകെട്ട പന്നി എന്തൊരു പാച്ചൽ
>
> പകൽ കക്കുന്ന കള്ളനെ രാത്രി കണ്ടാൽതൊഴെണം (അയ്യൊ) (1992:72)

കേരളത്തിലെ ജാതിവ്യവസ്ഥിതിയെ അസഹിഷ്ണുതയോടെ വീക്ഷിക്കുന്ന ഗുണ്ടർട്ടിനെ ഇതിൽ ദർശിക്കാം. പല ജാതികളും ഉപജാതികളുമൊക്കെയായി പരസ്പരം ഐക്യപ്പെടാതെ അകന്നു ജീവിക്കുന്ന സമൂഹത്തെ കാണുമ്പോൾ ശങ്കരാചാര്യരെ പോലും ഗുണ്ടർട്ട് പഴിക്കുന്നു.അയിത്തത്തിന്റെയും അനാചാരത്തിന്റെയും പേരിൽ പരസ്പരം പേടിച്ചു ജീവിക്കുന്ന ജനതയാണ് ഗുണ്ടർട്ടിനു ചുറ്റുമുണ്ടായിരിക്കുന്നത്. ഒരു ജനത പണിയെടുക്കുകയും മറ്റൊരു വിഭാഗം ഒരു പണിയുമെടുക്കാതെ ആഹരിക്കുകയും ചെയ്യുന്ന ജാതി അടിമത്തവ്യവസ്ഥയെ ഗുണ്ടർട്ട് ചോദ്യം ചെയ്യുന്നു.

ഇതിനു പുറമെ ‘കുലവും വർണ്ണവും’ എന്ന തലക്കെട്ടുകൊടുത്തുകൊണ്ട് പഴഞ്ചൊല്ലുകളെ ജാതിവ്യവസ്ഥയ്ക്കെതിരായി വ്യാഖ്യാനിക്കുന്നു. അദ്ദേഹം എഴുതുന്നു:

> “ചാട്ടത്തിൽ പിഴെച്ച കുരങ്ങു പോലെ ഇത അജ്ഞാനമെന്നു എല്ലാവരും അറിഞ്ഞിട്ടും ഈ മൌഢ്യത്തിൽ മിക്കവാറും മറുക്കകെട്ടി കിടക്കുന്നു. കുടിക്കുന്ന വെള്ളവും വെക്കും കലവും കല്ലെറിഞ്ഞു തീണ്ടിയതും മറ്റും എത്രയും സൂക്ഷിച്ചു പ്രമാണിക്കുന്നു. സ്നെഹവും ദയയും ദൈവകടാക്ഷവും കൂട്ടാക്കുന്നില്ല.
>
> കട്ട ചൊരുന്നതു കാണും. ആന ചൊരുന്നതു കാണാ” (1992:59)

ആദമിന്റെ കുടുംബത്തിൽ ജനിച്ച മനുഷ്യരെല്ലാം ഒരു ജാതിയാണെന്ന് ഗുണ്ടർട്ട് പറയുന്നു. ഇവിടെ ഗുണ്ടർട്ട് ജാതിവ്യവസ്ഥയുടെ നിരർത്ഥകതയെ ചൂണ്ടിക്കാണിക്കുന്നു.

ജാതിമര്യാദ പാലിക്കുന്നത് ശുദ്ധി വരുത്തും എന്നു പറയുന്നതിന്റെ പൊള്ളത്തരത്തെയും ഗുണ്ടർട്ട് തുറന്നുകാണിക്കുന്നു. അദ്ദേഹം 'മറക്കലം തുറക്കലം പിന്നെ പനക്കലം പിന്നെ അതു പാല്ക്കലം' എന്ന പഴമൊഴിയുടെ വ്യാഖ്യാനം കൊടുക്കുന്നത് ഇങ്ങനെയാണ്: "ജാതിമര്യാദ ശുദ്ധി വരും എന്ന ആരും ആന്തരമായി നിരൂപിക്കുന്നില്ല. ലംഘിച്ച പ്രകാരം പരസ്യമാകരുത എന്നതെ ഉള്ളു." (1992:59)

കേരളത്തിൽ നിലനിന്ന ജാതിവ്യവസ്ഥയെ വിമർശിച്ചു കൊണ്ട് ക്രിസ്തുമതത്തെ പ്രചരിപ്പിക്കുകയായിരുന്നു പഴഞ്ചൊൽ മാലയുടെ ലക്ഷ്യം. അതിനു നിരവധി പഴഞ്ചൊല്ലുകൾ കണ്ടെടുത്ത് ശേഖരിച്ചു വെച്ചു എന്നത് അദ്ദേഹം ഭാഷയുടെ വാമൊഴിവഴക്കങ്ങൾക്കു നല്കിയ അർഹമായ പരിഗണന വ്യക്തമാക്കും.

### വജ്രസൂചി

ബുദ്ധമതപ്രചാരകനും കവിയുമായ അശ്വഘോഷന്റെ 'വജ്രസൂചി' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനമാണ് ഗുണ്ടർട്ടിന്റെ വജ്രസൂചി.കാളിദാസനു മുൻപ് ഭാരതത്തിൽ ജീവിച്ചിരുന്ന സംസ്കൃതകവിയായിരുന്നു അശ്വഘോഷൻ. ബുദ്ധമതതത്ത്വങ്ങൾ ആദരിച്ചിരുന്ന അദ്ദേഹത്തിന്റെ കവനങ്ങൾ സന്ദേശപ്രചാരണങ്ങളാണ്. സൗരനന്ദം, ബുദ്ധചരിതം, ശാരീപുത്ര പ്രകരണം, വജ്രസൂചി എന്നിങ്ങനെ അമ്പതോളം കൃതികൾ അശ്വഘോഷൻ രചിച്ചിട്ടുണ്ട്.അശ്വഘോഷന്റെ കൃതികളെ കുറിച്ച് ആധുനികസമൂഹം അറിഞ്ഞത് ചൈനീസ് തിബത്തൻ ഭാഷകളിലുണ്ടായ പ്രാചീനതർജ്ജമകളിൽ നിന്നാണ്. മഹത്തായ ഈ കവിയെ ഭാരതീയജനത മനഃപൂർവ്വം മറന്നുകളഞ്ഞതാകാനാണ് സാധ്യത. "ജാതിപ്പിശാച് ഭാരതഭൂമിയിൽ ഭീകരനൃത്തമാടിയ നൂറ്റാണ്ടുകളിൽ അശ്വഘോഷനെപ്പോലുള്ള കവികൾ നമുക്ക് അന്യരായിത്തീർന്നു." എന്നിങ്ങനെ വജ്രസൂചിയുടെ ആമുഖപഠനത്തിൽ സ്കറിയസക്കറിയ രേഖപ്പെടുത്തുന്നു.

ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള ശക്തമായ ആയുധമായിരുന്നു അശ്വഘോഷന്റെ വജ്രസൂചി. ക്രിസ്തുമതപ്രചരണത്തിനായി കേരളത്തിലെത്തിയ ഗുണ്ടർട്ടിന് 'വജ്രസൂചി' നല്ലൊരു പ്രചരണ മാധ്യമമാണെന്ന തിരിച്ചറിവ് ഉണ്ടാവുകയും അതിനാൽ അത് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

യുക്തിയുക്തം ജാതിവ്യവസ്ഥയെയും ബ്രാഹ്മണ്യത്തേയും എതിർക്കുന്ന 'വജ്രസൂചി' ജാതിയന്ധത ബാധിച്ച കേരളീയസമൂഹത്തിന്റെ കണ്ണുതുറപ്പിക്കാനുതകും എന്ന വിശ്വാസം ഗുണ്ടർട്ടിനുണ്ടായിരുന്നു. ജാതിക്കപ്പുറം ചിന്തിക്കാത്ത മനുഷ്യരിൽ ക്രിസ്തുവിന്റെ സന്ദേശം എത്തിക്കുക എളുപ്പമല്ലെന്ന് ഗുണ്ടർട്ട് മനസ്സിലാക്കി. കേവലം മതപരിവർത്തനം മാത്രമായിരുന്നു ഗുണ്ടർട്ടിന്റെ ലക്ഷ്യമെങ്കിൽ അദ്ദേഹം ഒരിക്കലും വജ്രസൂചി വിവർത്തനം ചെയ്യുമായിരുന്നില്ല. തങ്ങളുടെ മതത്തിൽ അണികളുടെ എണ്ണം കൂട്ടുന്നതിനായി പലപ്പോഴും മറ്റു മിഷണറിസമൂഹങ്ങൾ ജാതി വ്യവസ്ഥയോട് സന്ധി ചെയ്തു പോന്നു. ക്രിസ്ത്യാനികൾക്കിടയിലും അയിത്തവും അനാചാരങ്ങളും തുടർന്നു പോരുന്ന പതിവ് ഇത്തരം സന്ധിചേരലിന്റെ ഭാഗമായി ഉണ്ടായതാണ്. എന്നാൽ ഗുണ്ടർട്ട് ഉൾച്ചേർന്നിരുന്ന ബാസൽമിഷൻ തുടക്കത്തിലേ ജാതിവ്യവസ്ഥയോടും അതിന്റെ ഭാഗമായുള്ള അനാചാരങ്ങളോടും അസ്പൃശ്യതയോടും കടുത്ത എതിർപ്പ് പ്രകടിപ്പിച്ചിരുന്നു.ഗുണ്ടർട്ടിന്റെ വജ്രസൂചി അതിനു ദൃഷ്ടാന്തമാണ്.

> വജ്രസൂചിയുടെ ആരംഭത്തിൽ അശ്വഘോഷൻ ഇങ്ങനെ പറയുന്നു: "വേദസ്മൃതികളും ധർമ്മാർത്ഥ യുക്തമായ വചനവും എല്ലാം പ്രമാണമായിരിക്കെ, ജാതിഭേദം പ്രമാണം എന്നു ആ ആറു വേദശാസ്ത്ര പുരാണങ്ങളാലും തെളിയുന്നില്ല താനും, എന്നു എന്റെ മതി" (1992:3).

ജാതിഭേദത്തിനെതിരെ എഴുതുകയാണ് വജ്രസൂചിയിലൂടെ അശ്വഘോഷൻ. തുടർന്ന് ബ്രാഹ്മണൻ ആരാണെന്നും എന്താണെന്നും അദ്ദേഹം അന്വേഷിക്കുന്നു.

> "സർവ്വവർണ്ണത്തിലും ബ്രാഹ്മണവർണ്ണം തന്നെ പ്രധാനം എന്നു നിങ്ങൾ ചൊല്ലുന്നുവല്ലോ! ഈ ബ്രാഹ്മണനാമം എന്തൊന്നു എന്നു ഞങ്ങൾ ചോദിക്കുന്നു. അതു ജീവനൊ?ജാതിയൊ? ശരീരമൊ? ജ്ഞാനമൊ?ആചാരമൊ? കർമ്മമൊ? വേദമൊ? എന്ത് എന്നു നോക്കണം." ( 1992: 3)

ഇങ്ങനെ പറഞ്ഞു കൊണ്ട് ഇതിലെ ഓരോന്നിനെയും അദ്ദേഹം വിശകലനം ചെയ്തു നോക്കുന്നു. എന്നിട്ട് യുക്തിയുക്തം ഓരോന്നിനേയും നിഷേധിക്കുന്നു.

ചാതുർവർണ്യവ്യവസ്ഥയുടെ നിരർത്ഥകത വജ്രസൂചിയിൽ ചില ഉദാഹരണങ്ങളിലൂടെ ചൂണ്ടിക്കാട്ടുന്നു.

> "ഒരു പുരുഷനിൽ നിന്നുണ്ടായവർക്ക് ചാതുർവ്വർണ്യം വന്നതു എങ്ങിനെ? ഒരുത്തൻ ഒരുത്തിയിൽ നാലു പുത്രരെ ഉല്പാദിപ്പിച്ചാൽ ആ നാലുവരിൽ വർണഭേദം കാണുന്നില്ല; ബ്രഹ്മാവ് ഏക പിതാവായിരിക്കെ ചാതുർവർണ്യം എങ്ങിനെ സംഭവിക്കും?"( 1992:11)

> "പിലാ മരത്തിനു കൊമ്പുകളിലും തണ്ടിലും കുറ്റിമേലും വേരിന്മേലും പഴങ്ങൾ കായ്ക്കും. എന്നിട്ടും ഇതു ബ്രാഹ്മണ ഫലം, ഇതു ക്ഷത്രിയ ഫലം എന്നും മറ്റും ചൊല്ലുന്നില്ല. ഒരു മരത്തിൽ ഉണ്ടായതിനാൽ കായ്കൾ ഒരു ജാതിയത്രെ എന്നു സമ്മതം.അപ്രകാരം മനുഷ്യരും ഏക പുരുഷനിൽ നിന്നു ഉല്പന്നരാകയാൽ ഭേദം ഇല്ലാതെ ഇരിക്കുന്നു."(1992:12. )

ബുദ്ധദർശനമായ മനുഷ്യത്വത്തെ വൈശമ്പായനവാക്യത്തെ കൂട്ടുപിടിച്ചുകൊണ്ട് ഈ കൃതി ഉയർത്തിപ്പിടിക്കുന്നു.

> "വൈശമ്പായനൻ ചൊല്ലിയ മറ്റൊരു വാക്യമാവിതു: അല്ലയൊ യുധിഷ്ഠിര ! ഘോരമായ പഞ്ചേന്ദ്രിയക്കടൽ കടന്നവൻ ശൂദ്രനായാലും അറ്റമില്ലാത്ത ദാനത്തിനു പാത്രമായി;ജാതിയല്ല; ശുഭ ഗുണങ്ങൾ തന്നെ കാണെണം;യാവൻ ഒരുത്തൻ ധർമ്മത്തിന്നായും പരോപകാരത്തിന്നായും ജീവിച്ചു, രാപ്പകൽ ശുഭമായി നടക്കുന്നുവൊ, അവനെ ദേവകൾ ബ്രാഹ്മണൻ എന്നറിയുന്നു.ലോകചേർച്ചയും കാമസക്തിയും വെടിഞ്ഞു, മോക്ഷം കാംക്ഷിക്കുന്നവർ എല്ലാം ബ്രാഹ്മണർ തന്നെ. ഹിംസയും മമത്വവും രാഗദ്വേഷാദി അകൃത്യവും വർജ്ജിക്ക തന്നെ ബ്രാഹ്മണ ലക്ഷണമാകുന്നു. ക്ഷമ, ദയ, ദമം, ദാനം, സത്യം, ശൌചം, സ്മൃതി, കരുണ, വിദ്യ, വിജ്ഞാനം ഇവ ഏറിയിരിക്ക തന്നെ ബ്രാഹ്മണ ലക്ഷണമാകുന്നു. സർവ്വ വേദങ്ങളിൽ മറുകര കണ്ടു, സർവ്വ തീർത്ഥാഭിഷേകവും കഴിച്ചു, ധർമ്മം ആചരിച്ചുപോരുന്നവനത്രെ ബ്രാഹ്മണൻ." (1992:14)

അശ്വഘോഷന്റെ ഈ രചനയ്ക്ക് അനുബന്ധം ചേർത്തുകൊണ്ട് ക്രിസ്തീയമായ വ്യാഖ്യാനം ഒരുക്കുകയാണ് വജ്രസൂചിയിൽ ഗുണ്ടർട്ട് ചെയ്തിരിക്കുന്നത്. ഗുണ്ടർട്ടിന് മതപ്രവർത്തനം ഒരു സാംസ്കാരികപ്രവൃത്തിയായിരുന്നു എന്ന് ദേശമംഗലം രാമകൃഷ്ണൻ നിരീക്ഷിക്കുന്നുണ്ട്. "ജാതിചിന്തയടക്കമുള്ള പ്രാദേശികാചാരങ്ങളിൽ നിന്നും പുതിയ സമൂഹത്തെ വേർതിരിച്ചെടുത്തു വിശുദ്ധീകരിക്കാനാണ് അദ്ദേഹം പ്രയത്നിച്ചത്.ആ പ്രയത്നത്തിന്റെ ഫലങ്ങളിലൊന്നാണ് 'വജ്ര സൂചി' (2016: 734). മനുഷ്യരെയെല്ലാം ഒരു പോലെ കാണുന്ന ക്രിസ്തീയതത്ത്വത്തിന്റെ വ്യാപനവും അതുവഴി ക്രിസ്തീയവിശുദ്ധീകരണവും ജാതി നിഷേധത്തിലൂടെ ഗുണ്ടർട്ട് ലക്ഷ്യം വെച്ചു.

മതപ്രചരണദൗത്യത്തെ മുഖ്യലക്ഷ്യമായി പരിഗണിച്ചുകൊണ്ട് ഗുണ്ടർട്ട് എഴുതിയ കൃതികൾ പ്രത്യക്ഷമായും പരോക്ഷമായും ജാതി അടിമത്തവ്യവസ്ഥയെ വിമർശിക്കുന്നവയാണ്.മതപ്രചരണോദ്ദേശ്യം മുഖ്യമായി

നിലനില്ക്കുമ്പോഴും മിഷണറിമാരുടെ രചനകളുടെ അടിയൊഴുക്കായി വർത്തിച്ചത് ഇവിടെ നിലനിന്നിരുന്ന ജാതിവ്യവസ്ഥയും അനാചാരങ്ങളുമാണ്. ക്രിസ്തുമതതത്ത്വങ്ങൾ പ്രചരിപ്പിക്കാൻ സാമൂഹികപരിവർത്തനം കൂടി ആവശ്യമാണെന്ന തിരിച്ചറിവ് ഗുണ്ടർട്ടിനെ പോലുള്ള മിഷണറിമാർ പെട്ടെന്നുതന്നെ മനസ്സിലാക്കി. ജാതിയുടെ പേരിൽ ഏതൊരു മനുഷ്യനെയും അകറ്റി നിർത്തുന്ന അതിദയനീയമായ അവസ്ഥയ്ക്കു മാറ്റം വരുത്തുകയും ജനമനസ്സിൽ മനുഷ്യത്വപരമായ സമീപനങ്ങൾ കൊണ്ടുവരികയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ഈ സാമൂഹികാവസ്ഥയ്ക്കെതിരെ ആശയപരമായി പൊരുതേണ്ടത് ക്രൈസ്തവമിഷനറിമാരെ സംബന്ധിച്ചിടത്തോളം നിർബന്ധിതമായിത്തീർന്നു. സ്നേഹത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം വർണവ്യവസ്ഥയും അതു സൃഷ്ടിച്ചെടുത്ത അധികാരവ്യവസ്ഥിതിയും ഭീകരരൂത്തമാടുന്ന സമൂഹത്തിൽ വില പോകില്ലായിരുന്നു.അതുകൊണ്ടുതന്നെ മതപ്രചരണം പ്രഥമലക്ഷ്യമായി രചിക്കുന്ന രചനകളിൽപോലും ജാതി നിഷേധം സൂക്ഷ്മാർത്ഥത്തിൽ വർത്തിക്കുന്നതു കാണാം.

ക്ലാസിക്കൽരചനകളെയും വരേണ്യസങ്കല്പങ്ങളെയും വിമർശിച്ചും ചോദ്യം ചെയ്തും പുതുവായന നടത്തുന്ന കൃതികൾ മലയാളത്തിൽ ആദ്യം രചിക്കുന്നത് ഗുണ്ടർട്ടാണ്.സാഹിത്യകൃതികളുടെ പരിഭാഷയിലൂടെ ആധുനികതയുടെ വളർച്ചയെ ഇത്രയധികം പോഷിപ്പിച്ച മറ്റൊരു മിഷണറിയില്ല. ജാതി-അടിമത്ത വ്യവസ്ഥയെ സാഹിത്യത്തിലൂടെ അദ്ദേഹം ചോദ്യം ചെയ്തു. യുക്തിയിലധിഷ്ഠിതമായ അദ്ദേഹത്തിന്റെ ഭാഷ മലയാളഭാഷാസാഹിത്യത്തിന് നേട്ടമായി. യുക്തിഭദ്രമായ ചിന്തകൾ മുന്നോട്ടുവെച്ച ആശയങ്ങൾ സമൂഹത്തിലും ചലനങ്ങൾ സൃഷ്ടിച്ചിരുന്നു എന്നു വേണം കരുതാൻ. സമൂഹത്തിലെ വ്യക്തികൾക്ക് സ്വയം തിരിച്ചറിയാനും അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്യാനും പ്രേരണയായത് ആധുനികസാഹിത്യകൃതികളാണ് എന്നത് നിസ്തർക്കമാണ്. ഇത്തരം കൃതികൾക്ക് നാന്ദി കുറിച്ചത് ഗുണ്ടർട്ടാണ് എന്നത് ഈ കൃതികളിൽ നിന്ന് വ്യക്തമാകുന്നു.

മതദൂഷണസാഹിത്യമായി മാറ്റി നിർത്തപ്പെടുന്ന ഗുണ്ടർട്ടിന്റെ കൃതികൾ മതപ്രചരണം നടത്തുന്നതോടൊപ്പം തന്നെ ഒരു ജനതയെ മുഴുവൻ അടിമത്തത്തിലേക്ക് തള്ളിവിടുന്ന ഇന്ത്യൻ ജാതിവ്യവസ്ഥിതിയോട് കലഹിക്കുക കൂടി ചെയ്യുന്നു. ജാതിവിമർശനപ്രധാനമായ അദ്ദേഹത്തിന്റെ കൃതികൾ ആധുനികതയുടെ ഭാവുകത്വപരിസരത്തിൽ പ്രധാന്യത്തോടെ അടയാളപ്പെടുത്തേണ്ടവയാണ്.

## ആധാരസൂചി

1. ഗുണ്ടർട്ട്, വജ്രസൂചി, ഡി.സി. ബുക്സ്, കോട്ടയം, 1992.
2. ജോൺഫ്രാൻസീസ്പള്ളത്ത്., മിഷനറിമാരുടെ സാഹിത്യസേവനങ്ങൾ, കളമശ്ശേരി ജ്യോതിർഭവൻ, 1986.
3. ഭാസ്കരനുണ്ണി, പി., പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ,2012.
4. രവീന്ദ്രൻ, പി.പി., എതിരെഴുത്തുകൾ, സാഹിത്യപ്രവർത്തകസഹകരണ സംഘം, തിരുവനന്തപുരം.
5. സ്കറിയസക്കറിയ(എഡി), മലയാളവും ഹെർമൻ ഗുണ്ടർട്ടും, വാല്യം ഒന്ന്, മലയാള സർവകലാശാല, മലപ്പുറം,2016.
6. സ്കറിയസക്കറിയ(എഡി.), മലയാളവും ഹെർമൻ ഗുണ്ടർട്ടും, വാല്യം രണ്ട്, മലയാളസർവകലാശാല, മലപ്പുറം, 2016.
7. http://utharakalam.com/2018/02/09/27863.html
8. Nath, B. K., & Varada, K. Brief History of the Basel Evangelical Mission in Malabar.

*simpleakkara@gmail.com*